**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3030** **10-03-2025 - ൽ മറുപടിയ്ക്ക്**

**മാർക്കറ്റുകൾ നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഫിഷറീസ് വകുപ്പിന്റേയും കിഫ്ബിയുടേയും ധനസഹായത്താൽ സംസ്ഥാനത്ത് മാർക്കറ്റുകൾ നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ 51 മത്സ്യ മാർക്കറ്റുകൾ ആധുനികവൽക്കരിക്കുന്നതിനായി 142.16 കോടി രൂപയുടെ അംഗീകാരം ലഭിച്ചു. ഇതിൽ രണ്ട് മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. ബാക്കി 49 മത്സ്യമാർക്കറ്റ് നവീകരണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.<br><br>കേന്ദ്ര - സംസ്ഥാന സർക്കാർ സഹായത്തോടെ ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2016-17 സാമ്പത്തിക വർഷത്തിൽ 356 ലക്ഷം രൂപ അടങ്കൽ തുകയിൽ കൊല്ലം ജില്ലയിലെ കരിക്കോട് ഒരു മത്സ്യ മാർക്കറ്റ്, 2017-18 സാമ്പത്തിക വർഷത്തിൽ 159 ലക്ഷം രൂപ അടങ്കൽ തുകയിൽ കൊല്ലം ജില്ലയിലെ മയ്യനാട് ഒരു മത്സ്യ മാർക്കറ്റ് എന്നീ നവീകരണപദ്ധതികൾക്ക് അംഗീകാരം ലഭിച്ചു. പദ്ധതി പൂർത്തീകരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്.<br><br>നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് ട്രാഞ്ചേ - 25 ൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ നെടുമൺകാവിൽ 502 ലക്ഷം രൂപയുടെ മത്സ്യ മാർക്കറ്റ് നിർമ്മാണത്തിന് അംഗീകാരം ലഭിച്ചു. പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരണ ഘട്ടത്തിലാണ്.<br><br>സംസ്ഥാന സർക്കാർ ധനസഹായത്തോടെ ആലപ്പുഴ ജില്ലയിലെ നൂറനാട് പടനിലം പ്രദേശത്ത് മത്സ്യ മാർക്കറ്റ് നവീകരണത്തിനായി 150 ലക്ഷം രൂപയുടെ അംഗീകാരം നൽകിയിരുന്നു. പദ്ധതി ദ്രുതഗതിയിൽ പൂർത്തീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | ആലപ്പുഴ ജില്ലയിലെ അരൂർ മത്സ്യമാർക്കറ്റ് നവീകരിക്കുന്നതിന് സർക്കാർ വിഹിതം - 50 ലക്ഷം രൂപ, എം.എൽ.എ.യുടെ ആസ്ഥി വികസന ഫണ്ടിൽനിന്നുള്ള വിഹിതം - 25 ലക്ഷം രൂപ, തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിതം - 10 ലക്ഷം രൂപയും ഉൾപ്പെടെ 85 ലക്ഷം രൂപയുടെ പദ്ധതി നടപ്പാക്കിയിരുന്നു. പദ്ധതി പൂർത്തീകരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. |
| (ബി) | ഈ മാർക്കറ്റുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ; | (ബി) | ഈ മാർക്കറ്റുകളുടെ നിർമ്മാണ പുരോഗതി സർക്കാർ തലത്തിലും കിഫ്ബി തലത്തിലും വിലയിരുത്തി വരുന്നു. ജില്ല തിരിച്ചുള്ള മത്സ്യ മാർക്കറ്റുകളുടെ വിവരം **അനുബന്ധമായി** ചേർക്കുന്നു. |
| (സി) | നിർമ്മാണം പൂർത്തീകരിച്ച് കൈമാറിയിട്ടും പൂർണ്ണമായും പ്രവർത്തിക്കാത്ത മാർക്കറ്റുകളെ പ്രവർത്തനക്ഷമമാക്കുന്നതിന്എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | നിർമ്മാണം പൂർത്തീകരിച്ച മത്സ്യ മാർക്കറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനായി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

## <u>മത്സ്യ മാർക്കറ്റുകളുടെ ജില്ല തിരിച്ചുള്ള നിർമ്മാണ പുരോഗതി</u>

| ക്രമ നമ്പർ | ജില്ല | മത്സ്യമാർക്കറ്റ് | അടങ്കൽ തുക (ലക്ഷം) | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1. | തിരുവനന്തപുരം | പുത്തൻചന്ത | 214.58 | പദ്ധതി പുരോഗമിക്കുന്നു |
| 2. | തിരുവനന്തപുരം | നടുക്കാട് | 251.18 | പദ്ധതി പുരോഗമിക്കുന്നു |
| 3. | തിരുവനന്തപുരം | പൂന്തുറ | 237.92 | പദ്ധതി പുരോഗമിക്കുന്നു |
| 4. | തിരുവനന്തപുരം | പനച്ചമൂട് | 535.77 | പദ്ധതി പുരോഗമിക്കുന്നു |
| 5. | തിരുവനന്തപുരം | നിലക്കാമുക്ക് | 155.28 | പദ്ധതി പുരോഗമിക്കുന്നു |
| 6. | തിരുവനന്തപുരം | വക്കം | 195.79 | PED, Tender file അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു |
| 7. | തിരുവനന്തപുരം | വാമനപുരം | 439.32 | PED, Tender file അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു |
| 8. | തിരുവനന്തപുരം | പഴയകുന്നുമ്മേൽ | 358.10 | ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവരുന്നു. WBS അംഗീകാരത്തിന് കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു |
| 9. | തിരുവനന്തപുരം | കടക്കാവൂർ | 265.83 | Foundation വ്യതിയാനം വന്നതിനാൽ പ്രവൃത്തി നടപ്പിലാക്കാൻ കരാറുകാരൻ തയ്യാറാകുന്നില്ല. പുനക്രമീകരിക്കുന്നതിന് തുടർനടപടി സ്വീകരിച്ചുവരുന്നു |
| 10. | തിരുവനന്തപുരം | നെയ്യാറ്റിൻകര | 474.40 | Revised funding sanction കിഫ്ബിയിൽ നിന്നും ലഭ്യമാകേണ്ടതുണ്ട്. |

| | | | | |
|---|---|---|---|---|
| 11. | തിരുവനന്തപുരം | കാഞ്ഞിരംകുളം | 246.95 | Soil investigation, structural design എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു |
| 12. | തിരുവനന്തപുരം | വിളവൂർക്കൽ | 107.50 | PWD NoC ലഭ്യമാക്കി പഞ്ചായത്ത് സ്ഥലം കൈമാറി നൽകേണ്ടതുണ്ട്. |
| 13. | തിരുവനന്തപുരം | പുന്നമൂട് | 452.40 | കരാറുകാരൻ പദ്ധതിയിൽ നിന്ന് പിന്മാറി. പദ്ധതി തുടരണ്ട എന്ന് കിഫ്ബി അറിയിച്ചു. |
| 14. | കൊല്ലം | പുത്തൂർ | 284.56 | പദ്ധതി പൂർത്തീകരിച്ചു |
| 15. | കൊല്ലം | കരിക്കോട് | 356.00 | പദ്ധതി പൂർത്തീകരിച്ചു |
| 16. | കൊല്ലം | മയ്യനാട് | 159.00 | പദ്ധതി പൂർത്തീകരിച്ചു |
| 17. | കൊല്ലം | കടപ്പാക്കട | 150.09 | പദ്ധതി പുരോഗമിക്കുന്നു |
| 18. | കൊല്ലം | പള്ളിമുക്ക് | 165.27 | പദ്ധതി പുരോഗമിക്കുന്നു |
| 19. | കൊല്ലം | മൂന്നാംകുറ്റി | 140.40 | പദ്ധതി പുരോഗമിക്കുന്നു |
| 20. | കൊല്ലം | സൗത്ത് പരവൂർ | 183.49 | പദ്ധതി പുരോഗമിക്കുന്നു |
| 21. | കൊല്ലം | കൊട്ടിയം | 226.22 | പദ്ധതി പുരോഗമിക്കുന്നു |
| 22. | കൊല്ലം | ചാത്തന്നൂർ | 528.06 | പദ്ധതി പുരോഗമിക്കുന്നു |
| 23. | കൊല്ലം | കടയ്ക്കൽ | 374.43 | പദ്ധതി പുരോഗമിക്കുന്നു |
| 24. | കൊല്ലം | കിഴക്കേകല്ലട | 214.42 | പദ്ധതി പുരോഗമിക്കുന്നു |
| 25. | കൊല്ലം | പുനലൂർ | 642.75 | കരാറിലേർപ്പെട്ടിട്ടുണ്ട്. |
| 26. | കൊല്ലം | തങ്കശ്ശേരി | 214.77 | പദ്ധതി പുരോഗമിക്കുന്നു |
| 27. | കൊല്ലം | നെടുമൺകാവ് | 502.00 | പൂർത്തീകരണഘട്ടത്തിലാണ്. |
| 28. | കൊല്ലം | അഞ്ചൽ | 472.31 | കരാർ |

| | | | | |
|---|---|---|---|---|
| | | | | ഉടമ്പടിലേർപ്പെട്ടു |
| 29. | കൊല്ലം | കാവനാട് | 245.08 | കരാർ ഉടമ്പടിലേർപ്പെട്ടു |
| 30. | കൊല്ലം | പത്തനാപുരം | 181.81 | PED അംഗീകാരത്തിന് കിഫ്ബിയിൽ സമർപ്പിച്ചു. |
| 31. | കൊല്ലം | കുലശേഖരപുരം | 340.83 | PED അംഗീകാരത്തിന് കിഫ്ബിയിൽ സമർപ്പിച്ചു. |
| 32. | കൊല്ലം | പാരിപ്പള്ളി | 302.63 | Package file കിഫ്ബിയിൽഅംഗീക ാരത്തിനായി സമർപ്പിച്ചിരിക്കുന്നു |
| 33. | കൊല്ലം | കൊട്ടാരക്കര | 506.67 | Package file കിഫ്ബിയിൽഅംഗീക ാരത്തിനായി സമർപ്പിച്ചിരിക്കുന്നു |
| 34. | കൊല്ലം | ആല്യംമൂട് | 167.81 | Soil investigation, structural design എന്നിവ പൂർത്തീകരിച്ചു. സാങ്കേതികാനുമതി നടപടികൾ സ്വീകരിച്ചുവരുന്നു |
| 35. | കൊല്ലം | ശാസ്താംകോട്ട | 215.85 | സ്ഥലം ലഭിച്ചിട്ടില്ല |
| 36. | പത്തനംതിട്ട | അടൂർ | 200.53 | പദ്ധതി പൂർത്തീകരിച്ചു |
| 37. | പത്തനംതിട്ട | കൂടൽ | 178.29 | പുരോഗതി ഇല്ലാത്തതിനാൽ ഉടമ്പടി റദ്ദ് ചെയ്തു. പുനക്രമീകരിക്കുന്നതി നുള്ള നടപടി ആരംഭിച്ചു |
| 38. | പത്തനംതിട്ട | കുമ്പഴ | 227.31 | ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവരുന്നു |
| 39. | ആലപ്പുഴ | അരൂർ | 85.00 | പദ്ധതി പൂർത്തീകരിച്ചു. |
| 40. | ആലപ്പുഴ | മാങ്കാംകുഴി | 176.13 | പദ്ധതി പുരോഗമിക്കുന്നു |
| 41. | ആലപ്പുഴ | പടനിലം | 150.00 | പൂർത്തീകരിച്ചുവരുന്നു |
| 42. | ആലപ്പുഴ | മണ്ണഞ്ചേരി | 163.97 | ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവരുന്നു |

| | | | | |
|---|---|---|---|---|
| 43. | ആലപ്പുഴ | ചേർത്തല | 307.60 | ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവരുന്നു |
| 44. | ആലപ്പുഴ | താമരക്കുളം | 227.52 | PED അംഗീകാരത്തിന് കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു |
| 45. | ആലപ്പുഴ | ചെത്തി | 161.54 | PED അംഗീകാരത്തിന് കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു |
| 46. | ആലപ്പുഴ | കരിപ്പുഴ | 173.28 | പഞ്ചായത്ത് സ്ഥലം കൈമാറിയിട്ടില്ല. |
| 47. | എറണാകുളം | ഇടക്കൊച്ചി | 143.26 | Package file കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നു |
| 48. | എറണാകുളം | നായരമ്പലം | 276.49 | Package file കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നു |
| 49. | തൃശ്ശൂർ | ചാലക്കുടി | 350.02 | പദ്ധതി പുരോഗമിക്കുന്നു |
| 50. | തൃശ്ശൂർ | കുന്നംകുളം | 466.40 | Out of court settlement വിവരങ്ങൾ മുനിസിപ്പാലിറ്റി നൽകേണ്ടതുണ്ട്. |
| 51. | മലപ്പുറം | പൊന്നാനി | 170.07 | സ്ഥലം ലഭിച്ചിട്ടില്ല |
| 52. | കോഴിക്കോട് | വെള്ളയിൽ | 373.22 | Soil investigation, structural design എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു |
| 53. | കണ്ണൂർ | കണ്ണപുരം | 116.91 | കിഫ്ബി അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 54. | കണ്ണൂർ | പഴയങ്ങാടി | 142.22 | CRZ അനുമതി നിഷേധിച്ചു. പുനപരിശോധിക്കുന്നതിന് KCZMA ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് |

| | | | | |
|---|---|---|---|---|
| 55. | കണ്ണൂർ | ന്യൂമാഹി | 129.20 | സ്ഥലം ലഭിച്ചിട്ടില്ല |
| 56. | കാസർഗോഡ് | കാഞ്ഞങ്ങാട് | 301.48 | സ്ഥലം ലഭിച്ചിട്ടില്ല |